**Deepika**

**24 August 2018**

**Kochi: After Flood,**

# ജെറ്റ് എയർവേസ് അധിക വിമാന സർവീസുകൾ നടത്തും

**കൊച്ചി:** കേരളത്തിലെ പ്രളയക്കെടുതി ബാധിച്ചവർക്കായി ജെറ്റ് എയർവേസ് അധിക വിമാന സർവീസുകൾ നടത്തും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലേക്കും അവിടെനിന്നു നേരിട്ടും നടത്തുന്ന വിമാന സർവീസുകളിലെ ഇക്കണോമി ക്ലാസിന്റെ ടിക്കറ്റ് നിരക്ക് ഓഗസ്റ്റ് 31 വരെ നിയന്ത്രിച്ചു നിർത്തും. മംഗലാപുരത്തുനിന്നുള്ള വിമാനങ്ങൾക്കും ഇതു ബാധകമായിരിക്കും.

ആഭ്യന്തര, രാജ്യാന്തര മേഖലകളിലും അധിക വിമാന സർവീസ് ലഭ്യമാക്കും. ഓഗസ്റ്റ് 26 വരെയുള്ള ജെറ്റ് എയർവേസിന്റെ പുതുക്കിയ വിമാന ഷെഡ്യൂളും പ്രഖ്യാപിച്ചു.

ഇതുവരെ മൂന്നു ടൺ മരുന്നുകളും മറ്റ് ഉത്പന്നങ്ങളും ജെറ്റ് എയർവേസ് കമ്പനി വിമാനമാർഗം കേരളത്തിലെത്തിച്ചു വിവിധ എൻജിഒകൾക്കു കൈമാറിയിട്ടുണ്ട്. ദുരിതാശ്വാസത്തിനായി കേരളത്തിലേക്ക് കൊണ്ടുവരുന്ന ചരക്കുകളുടെ വിമാനക്കൂലിയും കമ്പനി ഇളവു ചെയ്തു.

ഓഗസ്റ്റ് 26 വരെ കൊച്ചിയിലേക്കും പുറത്തേക്കും കൺഫേം ചെയ്തിട്ടുള്ള ടിക്കറ്റുകൾ മാറ്റുന്നതിനുള്ള ഫീസ് കമ്പനി വേണ്ടെന്നു വച്ചു. റീഫണ്ടിനും പിഴ ഈടാക്കില്ല. നേരത്തെ യാത്രയ്ക്കു നിശ്ചയിച്ചിട്ടുള്ള തീയതി മാറ്റിയെടുക്കാൻ സെപ്റ്റംബർ 15 വരെ സമയമനുവദിച്ചിട്ടുണ്ട്. ജെറ്റ് എയർവേസിന്റെ പുതുക്കിയ വിമാന ഷെഡ്യൂൾ, യാത്രക്കൂലി എന്നിവ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിലും മൊബൈൽ ആപ്പിലും 39893333 എന്ന നമ്പറിലും ലഭിക്കും.